മാതൃഭൂമി

13 September 2018



▶ കേരളത്തിൽ 500 കൂടുമത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നെട്ടൂരിൽ മരട് നഗരസഭ ചെയർപേഴ്സൺ സുനില സിബി നിർവഹിക്കുന്നു

# കേരളത്തിൽ 500 കൂടുമത്സ്യകൃഷി യൂണിറ്റുകൾ: സി.എം.എഫ്.ആർ.ഐ. പദ്ധതിക്ക് തുടക്കം

**കൊച്ചി ▸** സംസ്ഥാനത്തെ മത്സ്യോത്പാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) 500 കൂടുമത്സ്യകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം. കേന്ദ്ര കാർഷിക മന്ത്രാലയ ഏജൻസിയായ നാഷണൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം നെട്ടൂരിൽ നടന്നു.

നെട്ടൂരിൽ ശ്രീഭദ്ര കുടുംബശ്രീ യൂണിറ്റാണ് കൂടുകൃഷിക്ക് നേതൃത്വം നൽകുന്നത്. നാല് കൂടുകളിൽ 1,500 വീതം കാളാഞ്ചി കുഞ്ഞുങ്ങളെയും 500 വീതം കരിമീൻ കുഞ്ഞുങ്ങളെയും നിക്ഷേപിച്ചാണ് പദ്ധതിക്ക് തുടക്കമിട്ടത്. എട്ടു മാസം കൊണ്ട് വിളവെടുപ്പ് നടത്തും. മരട് നഗരസഭ ചെയർപേഴ്സൺ സുനില സിബി ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

സി.എം.എഫ്.ആർ.ഐ. മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ്, വാർഡ് കൗൺസിലർ അജിതകുമാരി എന്നിവർ പ്രസംഗിച്ചു. ഒറ്റയ്ക്കും സംഘമായുമുള്ള കൂടുകൃഷിയുടെ മുതൽമുടക്കിന്റെ 40 ശതമാനം സബ്സിഡി നൽകിയാണ് പദ്ധതി. സ്ത്രീകൾക്കും എസ്.എസി.-എസ്.ടി. വിഭാഗക്കാർക്കും 60 ശതമാനമാണ് സബ്സിഡി.

## കൂടുമത്സ്യകൃഷിയിൽ പരിശീലനം

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് കൂടുമത്സ്യ കൃഷിയിൽ സി.എം.എഫ്.ആർ.ഐ. പരിശീലനം നൽകുന്നു. ഈ മാസം 24 മുതൽ 29 വരെ നൂറു പേർക്കാണ് പരിശീലനം. യാത്രച്ചെലവും ക്ഷേമബത്തയും നൽകും. സി.എം.എഫ്.ആർ.ഐ.യിലെ മാരികൾച്ചർ വിഭാഗത്തിൽ അപേക്ഷ നൽകണം. ഫോൺ: 0484 2394867.